ഭരണഭാഷ-മാതൃഭാഷ

കേരള സർക്കാർ

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ് ബി) വകുപ്പ്**

നം. RuleB1/4/2025-PandARD                    തിരുവനന്തപുരം, തീയതി:21-08-2025

സർക്കുലർ

വിഷയം:- പി&എ.ആർ.ഡി.- സർക്കാർ ജീവനക്കാർക്ക് അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നതിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നത്-സംബന്ധിച്ച്.

സൂചന:-
1) 5/12/1990 ലെ 15618/Adv.C1/90/P&ARD നമ്പർ സർക്കുലർ
2) 14/06/2002 ലെ 8239/Adv.C1/2002/ P&ARD നമ്പർ സർക്കുലർ
3) 17/11/2004 ലെ 16535/Adv.C1/2004/P&ARD നമ്പർ സർക്കുലർ
4) 3/4/2009 ലെ 13834/Adv.C1/2006/ P&ARD നമ്പർ സർക്കുലർ

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഒരു വകുപ്പിൽ നിന്ന് മറ്റൊരു വകുപ്പിലേയ്ക്ക് അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നതിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് സൂചന സർക്കുലറുകൾ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കുലറുകൾ പ്രകാരം അന്യത്ര സേവനം അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ടി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ പല വകുപ്പുകളും ഉത്തരവുകൾ പുറപ്പെടുവിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഒരു വകുപ്പിൽ നിന്ന് മറ്റൊരു വകുപ്പിലേയ്ക്ക് അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നതിന് അനുമതി നൽകുമ്പോൾ സൂചന സർക്കുലറുകൾ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ് എന്ന് എല്ലാ ഭരണ വകുപ്പുകൾക്കും നിർദ്ദേശം നൽകുന്നു.

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)

എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം, ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും എല്ലാ സെക്ഷനുകൾക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)

വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ്(www.pard.kerala.gov.in) എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ